<u>14 -ാം കേരള നിയമസഭ</u>

<u>22 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1510</u> <u>19-01-2021 - ൽ മറുപടിയ്ക്ക്</u>

<u>പച്ചക്കറി ഉല്പാദന രംഗത്തെ പദ്ധതികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ ,<br>ഡോ. എൻ. ജയരാജ് | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനരംഗത്ത് സ്വയംപര്യാപ്തത കൈവരിയ്ക്കാൻ ഉതകുന്ന തരത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പച്ചക്കറി ഉല്പാദനത്തിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. പ്രസ്തുത പദ്ധതിയിലൂടെ കർഷകർക്ക് കൃഷിയ്ക്കാവശ്യമായ വിത്തു മുതൽ വിപണി വരെയുള്ള എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. ഈ പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്ക് ജില്ല ക്ലസ്റ്റർ, സ്റ്റാഗേഡ് ക്ലസ്റ്റർ എന്നീ ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ധനസഹായം നൽകിയതു വഴി പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു സാധിച്ചിട്ടുണ്ട്. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾ, കർഷകർ, വീട്ടമ്മമാർ, സന്നദ്ധ സംഘടനകൾ എന്നിവർ മുഖേന വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും സൗജന്യമായി വിതരണം നടത്തിയതിലൂടെ വീട്ടുകളിൽ വിഷരഹിതമായ പച്ചക്കറി ഉല്പാദിപ്പിക്കുവാൻ സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ സാധിച്ചു. സ്കൂൾ വിദ്യാർത്ഥികളെ ഉൾപ്പെടുത്തികൊണ്ട് വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷിത്തോട്ടം നിർമ്മിച്ചും സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ പ്രോജക്റ്റ് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടപ്പിലാക്കുകയും ചെയ്യതിലൂടെ വിഷരഹിത പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. സ്ഥലപരിമിതി മൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് മട്ടുപ്പാവിൽ കൃഷി ചെയ്യുന്നതിനായി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകളും സബ്സിഡി ഇനത്തിൽ നൽകി വരുന്നു. വേനൽ കാലത്തും മഴക്കാലത്തും വിളകളെ |

| | | | | |
|---|---|---|---|---|
| | | | | സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിന് കർഷകർക്ക് സഹായകരമായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ മുഖ്യഘടകമായി ഉൾപ്പെടുത്തി നൂതന രീതിയായ മഴമറ നിർമ്മിക്കുന്നതിനു സബ്സിഡി നൽകിവരുന്നു. മഴമറ കൃഷിരീതിയിലൂടെ കർഷകർക്ക് വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും അതിലൂടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. വീട്ടുവളപ്പിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തു പായ്ക്കറ്റുകളും, പച്ചക്കറി തൈകളും "ജീവനി – നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" പദ്ധതിയുടെ ഭാഗമായി സൗജന്യമായി വിതരണം ചെയ്യുകയും, സുരക്ഷിത പച്ചക്കറി വീട്ടുവളപ്പിൽ തന്നെ ലഭിക്കുന്നതിന് കീടരോഗ പ്രതിരോധ ശേഷിയുള്ള നമ്മുടെ പരമ്പരാഗത പച്ചക്കറി ഇനങ്ങളും, ബഹുവർഷ പച്ചക്കറി ഇനങ്ങളും, വീട്ടുവളപ്പിൽ പ്രോത്സാഹിപ്പിച്ച് പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. സുരക്ഷിത പച്ചക്കറിയുടെ ആവശ്യകതയെക്കുറിച്ചും അതിലൂടെ ആരോഗ്യം കൈവരിക്കുന്നതിനുള്ള അവബോധം നൽകുന്നതിനും എല്ലാ വിഭാഗം ജനങ്ങളെയും കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനായി വിവിധ തലത്തിൽ പരിശീലനങ്ങൾ, ബോധവല്കരണ ക്ലാസുകൾ, കൃഷി പാഠശാലകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. സമഗ്ര പച്ചക്കറി വികസന പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്ത് 2016-17 വർഷത്തിൽ 0.52829 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാനും സാധിച്ചു. 2018-19 ആയപ്പോഴേക്കും 12.12 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചിട്ടുണ്ട്. 2019-20 വർഷത്തിൽ പച്ചക്കറി വിസ്തൃതി 0.96313 ലക്ഷം ഹെക്ടർ ടൺ ആയി വർദ്ധിക്കുകയും ഉല്പാദനം 14.93ലക്ഷം മെട്രിക് ടൺ ആയി ഉയർത്തുന്നതിനും സാധിച്ചു. 2020-21 വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറി കൃഷിയുടെ വിസ്തൃതി 1.06 ലക്ഷം ഹെക്ടർ ആയി വ്യാപിപ്പിക്കുവാനും ഉല്പാദനം 16 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് പദ്ധതി പ്രവർത്തനങ്ങൾ നടത്തി വരുന്നു. 2020-21 വർഷത്തിൽ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന തരിശു കൃഷി മൂലം 7000 ഹെക്ടറിൽ നിന്നും 105000 ടൺ പച്ചക്കറിയുടെയും 7500 ഹെക്ടർ വാഴ കൃഷിയിൽ നിന്നും 90000 ടൺ വാഴക്കുലയുടെയും ഉല്പാദന വർദ്ധനവ് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇതിന്റെ അടിസ്ഥാനത്തിൽ പ്രധാന പച്ചക്കറി ഉല്പാദന മേഖലകളിൽ പച്ചക്കറി കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള ശീതീകരണ സംവിധാനങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിയ്ക്കുമോ; | (ബി) | കേരളത്തിൽ നിലവിലുള്ള 6 ഗ്രാമീണ അർബൻ മൊത്ത വ്യാപാര വിപണികളിൽ നിലവിൽ ശീതീകരണ സംവിധാനം നിലവിലുണ്ട്. മൊത്ത വ്യാപാര വിപണിയിൽ വില്പനക്കായി എത്തുന്ന പഴം പച്ചക്കറികൾ ഈ സംവിധാനം വഴി ശേഖരിച്ച് സൂക്ഷിക്കാവുന്നതാണ്. വി.എഫ്.പി.സി.കെ. യുടെ കീഴിൽ വയനാട് ജില്ലയിൽ പൂർത്തീകരിച്ച പാക്ക്ഹൗസിൽ 20 മെട്രിക് ടൺ സംഭരണ ശേഷിയുള്ള ഒരു ശീതീകൃത സംവിധാനം നിലവിലുണ്ട്. തൃശ്ശൂർ ജില്ലയിൽ പൂർത്തീകരിച്ചു കൊണ്ടിരിക്കുന്ന പാക്ക് ഹൗസിനും ടി സംവിധാനം ഉൾപ്പെടുത്തിയിട്ടുണ്ട്. സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ കൃഷി വകുപ്പ് മുഖാന്തിരം ജില്ലാ തലത്തിൽ 20 കോൾഡ് സ്റ്റോറേജുകൾ ഉൾപ്പെടുന്ന പാക്ക് ഹൗസ് സ്ഥാപിപ്പിക്കുന്നതിനുള്ള പ്രോജക്ട് നബാർഡിന് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പച്ചക്കറി കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് പ്രോത്സാഹനമാകുന്ന തരത്തിൽ കുറഞ്ഞ നിരക്കിൽ വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (സി) | പച്ചക്കറി കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് പ്രോത്സാഹനമാകുന്ന തരത്തിൽ കിസാൻ ക്രഡിറ്റ് കാർഡ് എന്ന വായ്പപദ്ധതിയിലൂടെ ബാങ്കുകൾ മുഖേന കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ